# അട്ടപ്പാടിയെ മരുഭൂമിയാക്കാൻ ഒരു കാറ്റാടി വൈദ്യുതപദ്ധതി


ചിറ്റൂർ എസ്. ദാസ്



ഫോട്ടോ: ചിറ്റൂർ എസ്. ദാസ്

അട്ടപ്പാടിയിലെ മൊട്ടക്കുന്നുകളെ പച്ചപിടിപ്പിക്കുകയെന്നലക്ഷ്യത്തോടെ ജപ്പാൻ സഹായത്തോടെ നടക്കുന്ന 219 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി മൊട്ടക്കുന്നുകൾ പച്ചപിടിച്ച് തുടങ്ങുന്ന സമയത്ത്, കേരളത്തിന്റെ ഊർജ്ജപ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാനെന്ന പേരിൽ സ്വകാര്യകമ്പനിയായ 'സ്യൂസ്‌ലോൺ' നടപ്പിലാക്കുന്ന കാറ്റാടി പദ്ധതിയിലൂടെ അട്ടപ്പാടി പരിസ്ഥിതി നാശത്തിലേക്ക് നീങ്ങുകയാണ്. കാറ്റാടി പദ്ധതിയ്ക്കായി വലിയ കുന്നുകൾ ഇടിച്ച് നിരത്തി കൊണ്ടിരിക്കുകയാണ്. 33 കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കാൻ ഇരുപതോളം കുന്നുകൾ ഇടച്ച് നിരപ്പാക്കുന്നത് വലിയൊരു ദുരന്തത്തിലേക്ക് അട്ടപ്പാടിയെ തള്ളിവിടുമെന്നാണ് പരിസ്ഥിതി വിദഗ്ദ്ധർ പറയുന്നത്. ഇവിടത്തെ കാലാവസ്ഥ നിയന്ത്രണത്തിൽ കുന്നുകൾക്ക് കാര്യമായ പങ്കുണ്ട്. കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കാൻ കുന്നുകളുടെ മുകൾ ഭാഗമാണ് നിരത്തികൊണ്ടിരിക്കുന്നത്.

കിഴക്കനട്ടപ്പാടി പ്രദേശം കഴിഞ്ഞ 20 വർഷമായി മഴനിഴൽ പ്രദേശമാണ്. മഴ കിട്ടാതെ മരുഭൂമിക്ക് സമമായ ഇവിടെ കഴിഞ്ഞ അഞ്ച് വർഷം അട്ടപ്പാടി പുന:സ്ഥാപന പദ്ധതിയിലൂടെ നടപ്പിലാക്കിയ വനവൽക്കരണം ഉൾപ്പെടെയുള്ള പ്രവൃത്തികളിലൂടെ വറ്റിപ്പോയ കൊടുങ്ങരപ്പള്ളം പുഴയടക്കം പുനരുജ്ജീവിച്ചു. കുന്നുകളിൽ പച്ചപ്പ് പടർന്ന് മരങ്ങൾ വളർന്ന് തുടങ്ങിയതോടെ ഇത്തവണ സാമാന്യം നല്ല മഴയും ലഭിച്ചു. ഇതിനെ തുടർന്ന് കൃഷി ഉപേക്ഷിച്ച് പോയ കർഷകർ വീണ്ടും വന്ന് കൃഷിയിറക്കി തുടങ്ങുമ്പോഴേക്കും 'സ്യൂസ്‌ലോൺ' എന്ന കാറ്റാടി ഭീമൻ ഈ പ്രദേശത്തെ കുന്നുകളും, സ്ഥലങ്ങളും വാങ്ങി കാറ്റാടിപദ്ധതി നടപ്പിലാക്കുകയാണ്. കൂറ്റൻ യന്ത്രങ്ങൾ പ്രത്യേകവാഹനങ്ങളിലെത്തിക്കാൻ വേണ്ടി കുന്നുകളിടിച്ച് 10 മീറ്റർ വീതിയിൽ പ്രത്യേക റോഡുകളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഷോളയൂർ പഞ്ചായത്തിലെ കോട്ടത്തറ, കടമ്പാറ, നല്ലസിങ്ക, കാവുണ്ടിക്കൽ എന്നിവിടങ്ങളിലാണ് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നത്. 120 കോടിയാണ് ഈ പദ്ധതിക്കായി മുടക്കുന്നത്. 19.8 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി.ക്ക് നൽകും. 21[illegible] കോടിയുടെ പരിസ്ഥിതി പുന:സ്ഥാപന പദ്ധതി, അവസാന ഘട്ടത്തിലെത്തി നിൽക്കുന്ന സാഹചര്യത്തിൽ വീണ്ടുമൊരു ശതകോടി മുടക്കിയുള്ള പദ്ധതി കൊണ്ട് അട്ടപ്പാടിക്കാർക്ക് യാതൊരു ഗുണവുമുണ്ടാവില്ല. വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്നും, അട്ടപ്പാടിയിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ വരുമെന്നും, അതിലൂടെ വൻപുരോഗതിയുണ്ടാവുമെന്നുമാണ് സ്യൂസ്‌ലോൺ കമ്പനിക്കാർ പറയുന്നത്. എങ്കിലും, ഇവിടുന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കേന്ദ്ര പൂളിലെത്തിച്ചതിനുശേഷമാണ് വിതരണം ചെയ്യുന്നത്. പദ്ധതികൾ വരുമ്പോഴെല്ലാം അതിന്റെ ബലിയാടുകളാവുന്നത് ഇവിടത്തെ ആദിവാസി സമൂഹമാണ്. അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങൾക്ക് വേണ്ടി കഴിഞ്ഞ 25 വർഷത്തിനുള്ളിൽ സർക്കാർ പദ്ധതികളിലൂടെ ചെലവഴിച്ച തുക കണക്കാക്കിയാൽ ഓരോ ആദിവാസിക്കും പത്ത് ലക്ഷത്തോളം രൂപ വരും.



ഫോട്ടോ : ചിന്റു എസ്. ദാസ്

കാറ്റാടി സ്ഥാപിക്കാൻ അട്ടപ്പാടിയിലെ കുന്നിടിച്ചുള്ള റോഡ് നിർമ്മാണം

കാറ്റാടി പദ്ധതിക്കായി അനർട്ട് നടത്തിയ പഠനങ്ങളാണ് സ്യൂസ്‌ലോൺ എന്ന കുത്തക കമ്പനിയെ ഇവിടേക്ക് എത്തിച്ചത്. ഒരു സുപ്രഭാതത്തിൽ പദ്ധതിയുടെ പ്രവർത്തനോൽഘാടനം നടത്തി കാറ്റാടിക്കായി ടവറുകളും, മറ്റും സ്ഥാപിക്കുന്ന പ്രവർത്തികൾ ആരംഭിച്ച കമ്പനി നിയമം ലംഘിച്ചാണ് റോഡുകൾ വെട്ടിയതെന്നും, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കി മാറ്റിയെന്നും ആരോപണമുയർന്നിട്ടുണ്ട്. നീലഗിരി ബയോസ്പിയറിന്റെ സംരക്ഷിത പ്രദേശത്താണ് കിഴക്കനട്ടപ്പാടിയിൽ കാറ്റാടി പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇവിടെ എന്ത് പദ്ധതികൾ നടപ്പിലാക്കണമെങ്കിലും, ഒരു മരത്തെ മുറിച്ച് മാറ്റണമെങ്കിൽപ്പോലും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിക്കണമെന്നാണ് നിയമം. എന്നാൽ, ഈ പദ്ധതിക്കാർക്ക് ഇതൊന്നും ബാധകമല്ലെന്ന രീതിയിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിലെ പരിസ്ഥിതി പുന:സ്ഥാപന പദ്ധതി നടപ്പിലാക്കുന്ന അഹാഡ്സിലെ ഉന്നതർപോലും കാറ്റാടി പദ്ധതി നടപ്പിലാക്കുന്ന സ്വകാര്യ കമ്പനിയുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കേണ്ട ഗതികേടിലെത്തിനിൽക്കുന്നു. അഹാഡ്സിന്റെ 11, 12 ഡവലപ്മെന്റ് യൂണിറ്റുകൾ പ്രവൃത്തിക്കുന്ന മേഖലയിൽ കോടികൾ ചിലവഴിച്ച് വികസനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ മുഴുവൻ പാഴാക്കുന്ന രീതിയിലാണ് കാറ്റാടി പദ്ധതിക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ അഹാഡ്സിന്റെ ഭരണനേതൃത്വവും. ഇവിടത്തെ രാഷ്ട്രീയ പാർട്ടി നേതാക്കളും, ജനപ്രതിനിധികളുമൊക്കെ മൗനം പാലിക്കുന്നു. കാറ്റാടി പദ്ധതിയ്ക്കായി ആദിവാസി സമൂഹത്തിന്റേതടക്കമുള്ള ഭൂമി വാങ്ങിയിട്ടുണ്ട്. ഇതിനുവേണ്ടി ഒരു ഭൂമാഫിയസംഘം തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അട്ടപ്പാടിയെ പച്ചപ്പിടിപ്പിക്കാൻ ഇറങ്ങിത്തിരിച്ചവരുടെ 'മൗനം' സംശയങ്ങൾക്കിടവരുത്തിയിട്ടുണ്ട്. 110 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമ്പോൾ പാരിസ്ഥിതികാഘാത പഠനമോ, ജനകീയ തെളിവെടുപ്പോ നടത്താൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ഈ പദ്ധതിയെ ജനങ്ങളിപ്പോഴും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. അട്ടപ്പാടി വീണ്ടുമൊരു പരിസ്ഥിതി ദുരന്തത്തിന് കാതോർക്കുമ്പോൾ ഇതിനെതിരെ ശബ്ദിക്കാൻ ആരും തയ്യാറാകുന്നില്ല. കുന്നുകളിടിച്ച് റോഡുണ്ടാക്കുന്നതിനെതിരെയും, ആദിവാസി ഭൂമി വാങ്ങിക്കൂട്ടുന്നതിനെതിരെയും ഷോളയൂർ ആദിവാസി പരിസ്ഥിതി അവകാശ സംരക്ഷണ സമിതി പ്രക്ഷോഭരംഗത്തുണ്ട്. ഇവർ ധർണ്ണയും, ഒരു ദിവസം ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഹർത്താലും നടത്തി. തുടർന്നും വൻപ്രക്ഷോഭത്തിനൊരുങ്ങുകയാണ് അട്ടപ്പാടിയിലെ ജനസമൂഹം.


**ഡോക്യുമെന്ററി സിനിമകൾ**

ജനകീയ സമരങ്ങളുടെ, സാമൂഹ്യ പ്രശ്നങ്ങളുടെ, ബദൽ അന്വേഷണങ്ങളുടേയും ഡോക്യുമെന്ററി സിനിമകൾ. പ്ലാച്ചിമട, അതിരപ്പിള്ളി, ജലം, ചാലിയാർ........ വി.സി.ഡി/ ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം

കൊക്കാലെ, തൃശൂർ 21.
ഫോൺ : 9446576943, 9447674375

books | magazines | periodicals

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

for rare and new books

TRAINING PROGRAMS FOR

IELTS TOEFL

SPOKEN ENGLISH

COMPUTER COURSES

C, C++, VB
Java, ·Net
Oracle 9i, C#

SENSORIUM

4th FLOOR, CITY CENTRE, TRICHUR.
0487-2320478, 3093095